I ഇ.ബി. XV - കേരള നിയമസഭ/X-2

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2024 ജനുവരി 29, തിങ്കൾ</u>

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. തിരുത്തിയ ഉത്തരം

<u>നക്ഷത്രചിഹ്നമിടാത്ത 332-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 332-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

എം. കെ. പ്രേംനാഥ്, ആനത്തലവട്ടം ആനന്ദൻ, ആർ. രാമചന്ദ്രൻ, പി. സിറിയക് ജോൺ, കാനം രാജേന്ദ്രൻ, കെ. കുഞ്ഞിരാമൻ, കെ. പി. വിശ്വനാഥൻ, ടി. എച്ച്. മുസ്തഫ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗങ്ങളായ എം. കെ. പ്രേംനാഥ്, ആനത്തലവട്ടം ആനന്ദൻ, ആർ. രാമചന്ദ്രൻ, കാനം രാജേന്ദ്രൻ, കെ. കുഞ്ഞിരാമൻ, മുൻ മന്ത്രിമാരായ പി. സിറിയക് ജോൺ, കെ. പി. വിശ്വനാഥൻ, ടി. എച്ച്. മുസ്തഫ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## III ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. ബാബു (നെന്മാറ), പി. ബാലചന്ദ്രൻ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV അടിയന്തരപ്രമേയം

സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയതുകാരണം കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട്

വളയത്ത് ജോസഫ് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിനാണ് സർക്കാർ മുൻഗണന നൽകിയിട്ടുള്ളത്. പേരാമ്പ്ര മുതുകാട് ഭിന്നശേഷിക്കാരനായ വളയത്ത് ജോസഫ് 2024 ജനുവരി 23-നാണ് ആത്മഹത്യ ചെയ്തത്. ക്ഷേമപെൻഷൻ ലഭിക്കാത്തതിനാലാണ് ആത്മഹത്യ ചെയ്തതെന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതിനുശേഷവും 2023 നവംബർ, ഡിസംബർ മാസങ്ങളിൽ അദ്ദേഹം പെൻഷൻ കൈപ്പറ്റിയിട്ടുണ്ട്. ക്ഷേമ പെൻഷൻ ലഭിക്കാത്തതാണ് ആത്മഹത്യയ്ക്ക് കാരണമായതെന്ന് തെളിയിക്കുന്ന ഒരു വസ്തുതയും ഉയർന്നുവന്നിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുകയെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റാനുള്ള ബാധ്യത

സർക്കാരിനുണ്ട്. ക്ഷേമ പെൻഷൻ നൽകാനെന്ന പേരിൽ എല്ലാ നികുതികളും വർദ്ധിപ്പിച്ച സർക്കാർ പെൻഷൻ നൽകാതെ ലക്ഷക്കണക്കിന് ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് 2 രൂപ സെസ് ഏർപ്പെടുത്തിയതുതന്നെ സാമൂഹ്യ സുരക്ഷ പെൻഷൻ നൽകാനായിരുന്നു. സംസ്ഥാനത്ത് പാവങ്ങൾക്ക് അർഹതപ്പെട്ട പെൻഷൻ മുടങ്ങിയിട്ട് അഞ്ചുമാസമായി. കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ ജോസഫ് പെൻഷൻ കുടിശ്ശിക അനുവദിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന് കാണിച്ച് ജില്ലാ കളക്ടർ, പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയവർക്ക് നിവേദനം നൽകിയിരുന്നതാണ്. സർക്കാരിൽനിന്നും ലഭിക്കുന്ന പെൻഷൻ തുകകൊണ്ട് ജീവിതച്ചെലവ് നടത്താൻ കഴിയാത്ത അവസ്ഥയിലായിരുന്ന ജോസഫ് പെൻഷൻ യഥാസമയം ലഭിക്കാതെ ജീവിതം വഴിമുട്ടിയപ്പോഴാണ് ആത്മഹത്യ ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ എക്സ്-ഗ്രേഷ്യാ പെൻഷനും അഗതി-അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള പെൻഷനും ഈ ഗവൺമെന്റ് നിർത്തലാക്കി. നിത്യച്ചെലവിനും മരുന്നുവാങ്ങാനും പണമില്ലാതെ 50 ലക്ഷത്തോളമാളുകൾ ദുരിതമനുഭവിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മരണമടഞ്ഞ വളയത്ത് ജോസഫ് കഴിഞ്ഞ വർഷം പെൻഷൻ, തൊഴിലുറപ്പ് ഇനങ്ങളിലായി 52,400/- രൂപ കൈപ്പറ്റിയിട്ടുണ്ട്. 2023 ഡിസംബർ മാസത്തിൽ സർക്കാർ അഗതിമന്ദിരത്തിൽ താമസിക്കുന്ന മൂത്തമകളുടെയും സ്വന്തം പെൻഷനുമുൾപ്പെടെ 3200/- രൂപയും ആഗസ്റ്റ് മാസത്തിൽ രണ്ട് മാസത്തെ പെൻഷനും അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട്. പഞ്ചായത്തിന്റെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ജോസഫിന് പത്ത് കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി ലഭിക്കുന്നുണ്ട്. അംഗപരിമിതനായ ജോസഫിന്റെ ആത്മഹത്യ ഭീഷണിക്കത്ത് ലഭിച്ചതിനെത്തുടർന്ന് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി സ്വന്തം വീട്ടുപറമ്പിൽത്തന്നെ തൊഴിലുറപ്പ് പണിക്കുള്ള സൗകര്യം ഉറപ്പാക്കി നൽകിയിട്ടുണ്ട്.

അഗതികൾക്കും അശരണർക്കും കൈത്താങ്ങായി സാർവ്വത്രിക ക്ഷേമപെൻഷൻ നടപ്പിലാക്കിയ രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ 59,112 കോടി രൂപ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് മുടക്കംവരുത്തിയ 30 മാസത്തെ ക്ഷേമ പെൻഷൻ പിന്നീടുവന്ന ഇടതുപക്ഷ

ഗവൺമെന്റാണ് കൊടുത്തുതീർത്തത്. ഉത്സവകാലത്ത് മാത്രം വിതരണം ചെയ്തിരുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ മാസംതോറും നൽകാനുള്ള തീരുമാനമെടുത്ത് നടപ്പിലാക്കിയതും ഇടതുപക്ഷ ഗവൺമെന്റാണ്. ഈ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സി&എ.ജി റിപ്പോർട്ടിൽ കിഫ്ബിയെ സംബന്ധിച്ച പരാമർശമുണ്ടായതും കമ്പനിയുടെ കടം സംസ്ഥാനത്തിന്റെ കടമായി കണക്കാക്കിയതും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും പെൻഷൻ വിതരണത്തെയും പ്രതിസന്ധിയിലാക്കിയത്. 2024 മാർച്ച് മാസം വരെ ലഭിക്കാനുള്ള തുകയിൽ കേന്ദ്രം കുറവ് വരുത്തിയിരിക്കുകയാണ്. സംസ്ഥാനത്തിന് അർഹമായ 57,400 കോടി രൂപ ലഭിച്ചാൽ സാമൂഹ്യ സുരക്ഷ പെൻഷൻ 2500 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. കേന്ദ്രനയത്തിനെതിരെയുള്ള സമരത്തിൽ പ്രതിപക്ഷവും പങ്കെടുക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം മുടങ്ങിയതിന് വ്യക്തമായ മറുപടി നൽകാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടില്ല. കൈവശമുള്ള പട്ടയഭൂമി കൃഷിയോഗ്യമല്ലാത്തതും പ്രതികൂലമായ ജീവിതസാഹചര്യങ്ങളുമുള്ള ജോസഫിന് തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിക്കുന്ന തുകകൊണ്ട് മാത്രം ജീവിതച്ചെലവുകൾ നിറവേറ്റാൻ സാധിച്ചിരുന്നില്ല. സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തയാൾ അതുകൊണ്ടല്ല ആത്മഹത്യ ചെയ്തതെന്ന് വരുത്തിതീർക്കുന്നതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കണം. ജീവിതച്ചെലവ് വർദ്ധിക്കുന്നതിനാനുപാതികമായി ശമ്പളവും പെൻഷനും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ, കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ഗ്രാന്റിന്റെ കുടിശ്ശിക എന്നിവ യഥാസമയം കൊടുക്കാതിരിക്കുന്നത് ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. നവകേരള സദസ്സ്, കേരളീയം പോലുള്ള ധൂർത്തും ആർഭാടവും ഒഴിവാക്കുകയും ക്ഷേമപെൻഷൻ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് പ്രയോറിറ്റി നൽകുകയുമാണ് വേണ്ടത്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

## V ശ്രദ്ധക്ഷണിക്കൽ

### സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുള്ളതിനാൽ രോഗികൾക്ക് കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. സ്കാനിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അവിടെ അടിയന്തരമായി ലഭ്യമാക്കാനും എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും നടന്നുവരുന്ന വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത മുന്നേറ്റമുണ്ടാക്കുകയും ചരിത്രത്തിലാദ്യമായി ഒരു വർഷത്തിൽ പുതിയതായി രണ്ട് മെഡിക്കൽ കോളേജുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലും ഇതര

സംസ്ഥാനങ്ങളിലും പോയി പഠിക്കുന്ന സാഹചര്യമൊഴിവാക്കാൻ നഴ്സിംഗ് മേഖലയിൽ 2,400 പുതിയ സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിലെ നഴ്സിംഗ് സീറ്റുകൾ ഇരട്ടിയാക്കുകയും സീമെറ്റിന് കീഴിൽ ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മെഡിക്കൽ അദ്ധ്യാപകരുടെ 270 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

മഞ്ചേരിയിലെയും കൊല്ലത്തെയും മെഡിക്കൽ കോളേജുകളെ പി.ജി. കോളേജുകളാക്കി ഉയർത്തിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും വികസനപ്രവർത്തനങ്ങൾക്കായി 2.81 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമം ത്വരിതപ്പെടുത്തുകയും മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 60 സീറ്റുള്ള പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുകയും അതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കാനാവശ്യമായ 15 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ക്രിട്ടിക്കൽ കെയർ

യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയും എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നതിന് 7.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനുള്ള 50.5 കോടി രൂപയുടെയും റേഡിയോളജി ആൻഡ് ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിനുള്ള 26 കോടി രൂപയുടെയും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ശ്രീ. ഐ. സി. ബാലകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## VI.**സബ്മിഷൻ**

### (1) ഉളിയംകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ്-കണ്ണൂർ ജില്ലകളെയും തൃക്കരിപ്പൂർ-പയ്യന്നൂർ മണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന ഉളിയംകടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

### (2) കാഞ്ഞിരപ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീമതി ശാന്തകുമാരി കെ.: കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാം പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(3) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് ആധുനിക നിലവാരത്തിൽ പുനർ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(4) റിങ് ബണ്ട് റോഡ് നിർമ്മാണം

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: വൈപ്പിൻ-പറവൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കടമക്കുടി-പിഴല പാലത്തിന്റെയും വല്ലാർപാടം-പനമ്പുകാട് റിങ് ബണ്ട് റോഡിന്റെയും പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനും വൈപ്പിൻ-പള്ളിപ്പുറം കായൽ റോഡിന് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

(5) കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി

ശ്രീ. പി. പി. സുമോദ്: തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(6) സ്പോർട്സ് ക്വാട്ടയിലെ സൂപ്പർ ന്യൂമററി സർവ്വീസ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: 2017-18-ൽ കേരളത്തിനുവേണ്ടി സന്തോഷ് ട്രോഫി നേടിയ ടീമിലെ 11 പേർക്ക് വിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ക്വാട്ടയിലൂടെ നിയമനം ലഭിച്ചിരുന്നു. അവർക്ക് 35 വയസ്സുവരെ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

VII. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VIII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ഇ. ചന്ദ്രശേഖരൻ: "2024 ജനുവരി 25-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു.

(നന്ദിപ്രമേയത്തിന് ഭേദഗതികൾ നൽകിയിട്ടുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. ഇ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട ഗവർണ്ണർ ഭരണഘടനാ ബാധ്യത നിറവേറ്റുക എന്ന രീതിയിലാണ് നയപ്രഖ്യാപന പ്രസംഗം നടത്തിയത്. കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽനിന്ന് വ്യത്യസ്തമായ നയം നടപ്പാക്കുന്ന സംസ്ഥാനത്തിനെ സാമ്പത്തിക നടപടികളിലൂടെ പ്രയാസപ്പെടുത്തുന്ന നടപടി ഖേദകരമാണ്. കേരളത്തിന്റെ സമഗ്രവികസനത്തിനായി എല്ലാ ജനവിഭാഗങ്ങളെയും

ഒന്നിച്ചണിനിരത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും നവകേരള സദസ്സ് സംഘടിപ്പിച്ചതിലൂടെ സമൂഹത്തിൽ ഒരു പുത്തനുണർവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും ചെയ്തു.)

ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളായ റെയിൽവേ വികസനം, റേഷൻ വിതരണത്തിലെ അപാകത, AIIMS സ്ഥാപിക്കൽ എന്നീ കാര്യങ്ങളിൽ പാർലമെന്റിൽ സമ്മർദ്ദം ചെലുത്താൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ തയ്യാറാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ, പോർട്ട് തുടങ്ങിയവയെ കോർപ്പറേറ്റുകൾക്ക് കൈമാറിയതും ഹിന്ദുത്വ അജണ്ട രാജ്യത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതും അപലപനീയമാണ്. സംസ്ഥാനത്തെ

ഉന്നതവിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ചത്. റവന്യൂ വകുപ്പിൽ ഡിജിറ്റൽ സർവ്വേ ഉൾപ്പെടെ നടപ്പിലാക്കുന്നതിനും 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ മൂന്ന് ലക്ഷത്തിൽപ്പരം ആളുകൾക്ക്

പട്ടയം നൽകാനും കാർഷിക മേഖലയിൽ 4.64 ശതമാനം വളർച്ച കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന് മാതൃകയായ ഒരു ബദൽ നയം നടപ്പാക്കി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടെന്നുള്ളത് പ്രശംസനീയമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചും വരുംവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ജനക്ഷേമകരമായ പദ്ധതികളെക്കുറിച്ചും വിശദീകരിക്കുന്ന നയപ്രഖ്യാപനത്തോട് കേരള ഗവർണ്ണർ കാണിച്ച സമീപനം അത്യന്തം പ്രതിഷേധാർഹമാണ്. കേരളത്തോട് കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അവഗണനയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രതിഷേധിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവുണ്ടായാൽ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ സാധിക്കില്ല. ജനങ്ങളുടെ സഹകരണം ഉറപ്പാക്കാൻ സാധിച്ചതുകൊണ്ടാണ് നവകേരള സദസ്സ് വൻ വിജയമായത്. സംസ്ഥാന ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഒരുമിച്ച് പോരാടണം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനാധിപത്യപരവും പുരോഗമനപരവും വികസനാത്മകവുമായി ഒരു നവകേരള സൃഷ്ടി നടത്താമെന്നുള്ളതിന്റെ രത്നച്ചുരുക്കമാണ് ഈ നയപ്രഖ്യാപനം. വിദ്യാഭ്യാസ-ആരോഗ്യ-വ്യാവസായിക മേഖലകളിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച ഈ സർക്കാരിന്റെ നേട്ടമാണ്. ദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്ന നയപ്രഖ്യാപനമാണിത്. നവകേരള സദസ്സിൽ ലഭിച്ച ലക്ഷക്കണക്കിന് പരാതികൾ പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സഞ്ചരിച്ച ക്യാബിനറ്റിന് കഴിഞ്ഞുവെന്നുള്ളത് ശ്ലാഘനീയമാണ്. അടിസ്ഥാന ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കുകയും അവശ ജനവിഭാഗത്തിന് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി വിഭാവന ചെയ്യുന്ന പദ്ധതികളും സമാനതകളില്ലാത്ത വികസനക്ഷേമ പ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന നയപ്രഖ്യാപനത്തിന്റെ തുടക്കവും ഒടുക്കവും മാത്രം വായിച്ച് ഗവർണ്ണർ സഭയെയും ജനങ്ങളെയും അപമാനിച്ചിരിക്കുകയാണ്.

ഭരണഘടനാ തത്വങ്ങൾ ലംഘിച്ചുകൊണ്ട് കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ നയത്തെ പ്രോൽസാഹിപ്പിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സമാനതകളില്ലാത്ത വികസന ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ സഭയോട് കാണിച്ച അനാദരവിനോട് ശക്തമായി പ്രതിഷേധിക്കുന്നു. ജനാധിപത്യം, ഫെഡറലിസം, സാമൂഹ്യനീതി എന്നീ കാലാതീത മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി വികസനം തടയുന്ന കേന്ദ്രസർക്കാരിന്റെ ശത്രുതാപരമായ നിലപാടിനും അവഗണനയ്ക്കുമെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷം ജനങ്ങളെ വഞ്ചിക്കുകയാണ്. സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി മതനിരപേക്ഷതയാണ്. എല്ലാ എതിർപ്പുകളെയും അതിജീവിച്ചുകൊണ്ട് ഈ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമ്പത്തിക ഫെഡറലിസത്തിന്റെ തത്വങ്ങൾ പാലിക്കപ്പെടണം.

സംസ്ഥാനത്തിനർഹമായ കേന്ദ്രവിഹിതം അനുവദിക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങൾ മുൻകൈയെടുക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ, ലൈഫ്, മനസ്സോടിത്തിരി മണ്ണ് തുടങ്ങിയ പദ്ധതികൾക്കെതിരെയുള്ള പ്രതിപക്ഷ നിലപാട് ഖേദകരമാണ്. നെല്ല് സംഭരിച്ച ഇനത്തിൽ കേന്ദ്ര സർക്കാർ കുടിശ്ശിക അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. നവീന പദ്ധതികളിലൂടെ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മുപ്പതിനായിരം കൃഷിക്കൂട്ടങ്ങൾ ആരംഭിക്കുകയും 2023 ജനുവരി ഒന്നുമുതലുള്ള ആറുമാസക്കാലയളവിൽ പി.എസ്.സി. മുഖേന 15146 പേർക്ക് നിയമനം നല്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി ദെലീമ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരള മോഡൽ വികസനം യാഥാർത്ഥ്യമാക്കപ്പെടുകയാണ്. നഗര-ഗ്രാമവികസനം, ആരോഗ്യം, വിദ്യാഭ്യാസം, ക്രമസമാധാനം തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന്റെ മുന്നേറ്റം അഭിമാനാർഹമാണ്. രണ്ടര വർഷക്കാലയളവിനുള്ളിൽ അരൂർ നിയോജകമണ്ഡലത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 51.4 കോടി രൂപ ചെലവിൽ തുറവൂർ താലൂക്കാശുപത്രിക്കായുള്ള കെട്ടിട നിർമ്മാണം

പുരോഗമിച്ചുവരികയാണ്. അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സമഗ്ര പാക്കേജ് ആവിഷ്കരിക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടയിലും പി.എസ്.സി. മുഖേന കൂടുതൽ നിയമനങ്ങൾ നടത്താനായതും 65 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ക്ഷേമ പെൻഷനുകൾ നൽകാനായതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. നികുതി വരുമാനത്തിലും പദ്ധതി വിഹിതത്തിലും കുറവുവരുത്തിയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാനായതും രാജ്യത്ത് ഏറ്റവും കുറഞ്ഞ ദരിദ്രരുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന തെറ്റായ നയങ്ങൾ സംസ്ഥാനത്തെ കൂടുതൽ ബുദ്ധിമുട്ടിക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമ</u>സ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ നയത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരള

ജനതയെ നേരിട്ട് ബാധിക്കുന്ന കേന്ദ്ര ഗവൺമെന്റ് നടപടികളിൽ പ്രതിപക്ഷത്തിന്റെ സമീപനമെന്തെന്ന് നന്ദിപ്രമേയ ചർച്ചയിൽ വ്യക്തമാക്കേണ്ടതായിരുന്നു. കേരളത്തെ ബുദ്ധിമുട്ടിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള പ്രതിപക്ഷ തീരുമാനം പ്രതിഷേധാർഹമാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപനത്തിന്റെ തുടക്കവും അവസാനവും മാത്രം വായിച്ച് ഗവർണ്ണർ സഭയേയും ജനങ്ങളേയും അപമാനിച്ചത് പ്രതിഷേധാർഹമാണ്. രാജ്യത്തിന്റെ ഫെഡറലിസം തകർക്കുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ പ്രക്ഷോഭം നടത്താനോ പ്രതികരിക്കാനോ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. കേന്ദ്രത്തോടൊപ്പം ചേർന്നുകൊണ്ട് കേരളത്തെ തകർക്കുക എന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. നവകേരളം കെട്ടിപ്പടുക്കാനുള്ള ശക്തമായ നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അസാധാരണമായ രീതിയിൽ നയപ്രഖ്യാപന പ്രസംഗം നടത്തി നിയമസഭയെ അപമാനിക്കുന്ന നിലപാടാണ് ഗവർണ്ണർ സ്വീകരിച്ചത്. നവകേരള നിർമ്മിതിക്കുള്ള സുവർണ്ണരേഖയാണ് നയപ്രഖ്യാപനം. കേന്ദ്ര സർക്കാരിന്റെ പ്രതിലോമകരമായ സാമ്പത്തിക നയങ്ങൾമൂലം വെല്ലുവിളികൾ നേരിടുമ്പോഴും സമസ്ത മേഖലകളിലും പ്രതീക്ഷാനിർഭരമായ വികസന നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. വികസനക്ഷേമ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകാനും അതിദരിദ്രരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്താനും ജനങ്ങളുടെ അന്തസ്സും നീതിയും ഉറപ്പാക്കാനും ലക്ഷ്യമിടുന്ന നയങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. സാമൂഹ്യ പുരോഗതിയെ പിന്നോട്ടടിക്കുന്ന കേന്ദ്ര സമീപനങ്ങളെ കേരളം ജനാധിപത്യരീതിയിൽ എതിർത്ത് തോൽപ്പിക്കേണ്ടതാണ്. നവകേരള സദസ്സിലുണ്ടായ ജനപങ്കാളിത്തം സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തി എന്നതിന്റെ തെളിവാണ്. അർഹമായ നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും വെട്ടിക്കുറച്ചതും കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ പല പദ്ധതികളും ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാന സർക്കാരിനുമേൽ

അമിത സാമ്പത്തിക ബാധ്യതയുണ്ടാക്കി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം പരിമിതപ്പെടുത്താൻ കേന്ദ്രം ശ്രമിക്കുമ്പോൾ അത് വിപുലീകരിക്കാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

ശ്രീ. കെ. വി. സുമേഷ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിന് ദിശാബോധം നൽകുന്ന പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപനത്തിലുള്ളത്. നീതി ആയോഗ് പ്രസിദ്ധീകരിച്ച മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സിൽ അതിദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം ഉയർന്നിട്ടുണ്ട്. സർക്കാരിന് സമഗ്ര മേഖലകളിലും ആധുനിക വികസന കാഴ്ചപ്പാടുമായി മുന്നോട്ടുപോകാൻ സാധിക്കുന്നുണ്ട്. അർഹമായ കേന്ദ്രവിഹിതം ലഭ്യമായില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ ഭാവി പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കോച്ച് ഫാക്ടറി, എയിംസ് എന്നിവ അനുവദിക്കാനോ പുതിയ പദ്ധതികൾ പ്രഖ്യാപിക്കാനോ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി നവകേരള സദസ്സ് സംഘടിപ്പിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

(സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.)

******